**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്ജില്ലാ**
**ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 നവംബർ 15 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**സംസ്ഥാനതല നൈപുണ്യമേള :**

## ടാലന്റോ 2019 സമാപനം ഇന്ന്

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ, കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം എന്നിവയുടെ നേതൃത്വത്തിൽ കുടുംബശ്രീവഴി നടപ്പാക്കുന്ന പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യയോജന അഥവാ ഡി ഡി യു ജി കെ വൈയുടെ സംസ്ഥാന തല നൈപുണ്യമത്സരം ടാലന്റ് 2019 സമാപനവും സമ്മാനദാനവും ഇന്ന് (നവംബർ 16) വൈകീട്ട് 3 ന് തൃശൂർ ടൗൺഹാളിൽ നടക്കും. ടി എൻ പ്രതാപൻ എംപി സമ്മാനദാനം നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷത വഹിക്കും. ജില്ലാ കളക്ടർ എസ് ഷാനവാസ് ഡോക്യുമെന്ററി പ്രകാശനം ചെയ്യും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയപ്രകാശൻ, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ എം പത്മിനി ടീച്ചർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് കെ കെ സതീശൻ, പഞ്ചായത്ത് പ്രസിഡന്റുമാരായ പി കെ ബഷീർ, പ്രസാദിനി മോഹനൻ, ജയശ്രീ കൊച്ചു ഗോവിന്ദൻ എന്നിവർ സംസാരിക്കും. സംഘാടക സമിതി ചെയർമാനും കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്ററുമായ കെ വി ജ്യോതിഷ് കുമാർ സ്വാഗതവും അസി കോർഡിനേറ്റർ ബൈജു മുഹമ്മദ് നന്ദിയും പറയും.

## തെരഞ്ഞെടുപ്പ് യോഗം 18 ന്

ക്ഷീരവികനസ വകുപ്പിന്റെ 2019-20 വാർഷിക പദ്ധതി പ്രകാരം ചാവക്കാട് ബ്ലോക്കിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് അപേക്ഷ സമർപ്പിച്ചവരുടെ തെരഞ്ഞെടുപ്പ് യോഗം 18 ന് രാവിലെ 10 മണിക്ക് ചാവക്കാട് മിനി സിവിൽ സ്റ്റേഷനിലെ ക്ഷീരവികസന ഓഫീസിൽ നടക്കും.

## തീയണക്കലിനൊപ്പം: പഞ്ചാരി കൊട്ടികയറി തെളിയിച്ച് അഗ്നിശമനസേന

ശാരീരിക മികവിന്റെ കായിക പരിശീലനം കഴിഞ്ഞ് പാസിങ് ഔട്ട് പരേഡിന് മുന്നോടിയായി മേളത്തിൽ മികവ് തെളിയിച്ചിരിക്കുകയാണ് അഗ്നിശമന സേന. തൃശൂർ കേരള ഫയർ ആൻഡ് റെസ്ക്യൂ അക്കാദമിയിൽ ശാസ്ത്രീയ പരിശീലനം കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ സേനാ പട്ടത്തിനൊപ്പം മേളപട്ടവും ഫയർഫോഴ്സ് ട്രെയിനീസ് സ്വന്തമാക്കിയിരിക്കുകയാണ്. കാലങ്ങളും താളവട്ടങ്ങളും കൊട്ടി കയറിയ ഇവർ പഞ്ചാരിമേളത്തിൽ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. അക്കാദമിയിൽ നിന്ന് പുറത്തിറങ്ങുന്ന 26, 27 ബാച്ചിലെ ട്രെയിനികൾക്കാണ് ചെണ്ടമേള പരിശീലനത്തിന് അവസരം ലഭിച്ചത്. സേനാംഗങ്ങളുടെ മാനസിക സമ്മർദ്ദം കുറക്കുന്നതിന്റെ ഭാഗമായാണ് ചെണ്ട പരിശീലനം നൽകിയത്. അക്കാദമിയിലെ കൾചറൽ ക്ലബിന്റെ ആഭിമുഖ്യത്തിൽ പത്ത് പ്ലാറ്റൂണുകൾക്ക് വൈവിധ്യമാർന്ന കലാപരിപാടികൾക്ക് അവസരം ഒരുക്കാറുണ്ട്. തൃശൂർ പൂരത്തിന് പങ്കെടുത്തിരുന്ന മേള കലാകാരന്മാരായ സേനയിലെ സഹോദരങ്ങളായ ആർ ശ്രീനാഥ്, കെ ആർ കിരൺ എന്നിവരാണ്

തെരഞ്ഞെടുത്തവർക്ക് പരിശീലനം നൽകിയത്. ഫയർ ആന്റ് റെസ്ക്യൂ അക്കാദമി ഗ്രൗണ്ടിൽ അരങ്ങേറിയ പഞ്ചാരിമേളം കിഴക്കൂട്ട് അനിയൻ മാരാർ ഉദ്ഘാടനം ചെയ്തു. പതിനേഴ് ഫയർഫോഴ്സ് ട്രെയിനീസിനൊപ്പം പുറത്ത് നിന്നുള്ള കൊമ്പ് കുഴൽ താളം കലാകാരൻമാരുമുൾപ്പെടെ അമ്പതോളംപേർ മേളത്തിൽ അണിനിരന്നു. അക്കാദമി ഡയറക്ടർ പി ദിലിപൻ അസിസ്റ്റന്റ് ഡയറക്ടർമാരായ റെനി ലൂക്കോസ്, ഋതിജ് എസ് എൽ ദിലീപ്, സ്റ്റേഷൻ ഓഫീസർമാരായ പ്രസന്നകുമാർ, അജയ് രാധാകൃഷ്ണൻ എന്നിവർ അരങ്ങേറ്റത്തിന് നേതൃത്വം നൽകി.

## സ്കോളർഷിപ്പിന് നവംബർ 30 വരെ അപേക്ഷിക്കാം

മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 2019-20 അധ്യയന വർഷത്തേക്കുള്ള സ്കോളർഷിപ്പ് അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി നവംബർ 30 വരെ നീട്ടിയതായി ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫോൺ: 0487 2446545.

## അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ഭവന നിർമാണ ബോർഡിന്റെ മേൽനോട്ടത്തിൽ പുല്ലഴിയിൽ പ്രവർത്തിക്കുന്ന വർക്കിങ് വിമൻസ് ഹോസ്റ്റലിൽ താമസ സൗകര്യം ലഭിക്കുന്നതിന് വനിത ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0487 2361078.

## ലോകായുക്ത സിറ്റിങ്

കേരള ലോകായുക്ത സിറ്റിങ് ഡിസംബർ 9,10 തിയതികളിൽ ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കും. 9 ന് ഉപ ലോകായുക്ത ജസ്റ്റിസ് ബാബുമാത്യു സി ജോസഫിന്റെ അധ്യക്ഷതയിൽ സിംഗിൾ ബഞ്ചും 10 ന് ലോകായുക്ത ജസ്റ്റിസ് സിറിയക് ജോസഫ്, ഉപയ ലോകായുക്ത ജസ്റ്റിസ് ബാബുമാത്യു സി ജോസഫ് എന്നിവരടങ്ങിയ ഡിവിഷൻ ബഞ്ചുമാണ് സിറ്റിങ് നടത്തുക.

## സീറ്റൊഴിവ്

കുഴൽമന്ദം ഗവ. ഐടിഐയിൽ ലിഫ്റ്റ് ഇറക്ടർ ഹ്രസ്വകാല കോഴ്സിന്റെ ഡിസംബർ 2 ന് ആരംഭിക്കുന്ന ബാച്ചിലേക്ക് സീറ്റുകൾ ഒഴിവുണ്ട്. 18 വയസ്സ് തികഞ്ഞ എസ് എസ് എൽ സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9061899611.

## കൊടുങ്ങല്ലൂർ നഗരസഭയിൽ തെരുവ് നായ്ക്കൾക്ക് വന്ധ്യംകരണം

കൊടുങ്ങല്ലൂർ നഗരസഭയിൽ തെരുവ് നായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തുന്നു. നഗരസഭയുടെ വാർഷികാഘോഷ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വന്ധ്യംകരണം നടത്തുന്നത്. ജില്ലാ കുടുംബശ്രീ മിഷന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതിക്കായി അഞ്ചു ലക്ഷം രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. പരിശീലനം ലഭിച്ച കോഴിക്കോട് സ്വദേശികളാണ് നായകളെ പിടികൂടുന്നത്. തുടർന്ന് മാള വെറ്ററിനറി ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യുൽപാദന ശേഷി ഇല്ലാതാക്കുന്ന ശസ്ത്രക്രിയയ്ക്ക് വിധേയമാക്കും.

ആദ്യ ദിവസം തന്നെ 43 നായ്ക്കളെ പിടികൂടിയതായി നഗരസഭ ചെയർമാൻ കെ.ആർ.ജൈത്രൻ അറിയിച്ചു. ദിവസങ്ങൾക്ക് ശേഷം പിടികൂടിയ ഇടത്തുതന്നെ കൊണ്ടുവിടണമെന്നാണ് ചട്ടം. നായ്ക്കളെ പിടിച്ചു കൊണ്ടുപോയി കൊല്ലുന്നത് നിയമ വിരുദ്ധമായതിനാലാണ് ഇത്. ഒരു നായയ്ക്ക് 2100 രൂപ എന്ന തോതിൽ നഗരസഭ കുടുംബശ്രീ മിഷനിൽ അടയ്ക്കും. ആവശ്യമെങ്കിൽ കൂടുതൽ തുക നഗരസഭ ഈ പദ്ധതിക്കായി നീക്കിവെയ്ക്കുമെന്നും ചെയർമാൻ പറഞ്ഞു.

# കൊടുങ്ങല്ലൂർ നഗരസഭയിൽ വൃക്ഷത്തൈ നഴ്സറി ആരംഭിച്ചു

കൊടുങ്ങല്ലൂർ നഗരസഭയിൽ വൃക്ഷത്തൈ നഴ്സറി ആരംഭിച്ചു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നഴ്സറി ആരംഭിച്ചത്. പി.എം.എ.വൈ - അംഗീകാർ ക്യാമ്പയിന്റെ ഭാഗമായി മുഴുവൻ പി എം എ വൈ - ലൈഫ് വീടുകളിലും സൗജന്യമായി വൃക്ഷത്തൈ നൽകും. നഴ്സറിയിൽ ഉത്പാദിപ്പിക്കുന്ന വൃക്ഷ തൈകൾ സൗജന്യമായായിരിക്കും പൊതുജനങ്ങൾക്കും സോഷ്യൽ ഫോറസ്ട്രി വകുപ്പിനും നൽകുക. പുതിയതായി നിർമ്മിക്കുന്ന എല്ലാ വീടുകളിലും വൃക്ഷത്തൈ വെച്ചുപിടിപ്പിക്കണം എന്ന നിബന്ധന ആദ്യമായി ഏർപ്പെടുത്തിയ നഗരസഭയാണ് കൊടുങ്ങല്ലൂർ നഗരസഭ. അതിനോടനുബന്ധിച്ചാണ് നൂതന സംരംഭം. നഗരസഭയിലെ വാർഡ് 33 ലെ തൊഴിലുറപ്പ് തൊഴിലാളികളാണ് ഫോറസ്റ്റ് ഓഫീസർ ഷെരീഫിന്റെ സാങ്കേതിക സഹായത്തോടെ നഴ്സറി സജ്ജമാക്കിയത്.

അംഗീകാർ വൃക്ഷതൈ നഴ്സറിയുടെ ഉദ്ഘാടനം നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ നിർവഹിച്ചു. വാർഡ് കൗൺസിലർ പി.എൻ രാമദാസ് അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കെ എം പ്രഭു മുഖ്യാതിഥിയായി. കൗൺസിലർമാരായ എം കെ സഹീർ, ഷീല രാജ്കമൽ, റേഞ്ച് ഓഫീസർ സുമു, അരുൺ നെല്ലിപ്പറമ്പത്ത്, സി.ഡി.എസ് ചെയർപേഴ്സൺ മല്ലിക, ജി.അരുൺ തുടങ്ങിയവർ സംസാരിച്ചു.

# കയ്പമംഗലം മുറ്റത്തെ മുല്ല പദ്ധതി ഉദ്ഘാടനം നാളെ(നവം.17)

കയ്പമംഗലം സർവീസ് സഹകരണ ബാങ്ക്, കയ്പമംഗലം പഞ്ചായത്ത്, കുടുംബശ്രീ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പഞ്ചായത്തിൽ മുറ്റത്തെ മുല്ല വായ്പാ പദ്ധതി നടപ്പാക്കുന്നു. പദ്ധതിയുടെ ഉദ്ഘാടനം നാളെ (നവം.17) രാവിലെ 10.30ന് കയ്പമംഗലം പന്ത്രണ്ടിൽ ഗ്രാൻഡ് ഓഡിറ്റോറിയത്തിൽ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർവഹിക്കും. കൊള്ളപ്പലിശക്കാരിൽ നിന്ന് ഗ്രാമീണ ജനതയെ മോചിപ്പിക്കാൻ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന വായ്പ പദ്ധതിയാണ് മുറ്റത്തെ മുല്ല. പദ്ധതി നടപ്പാക്കാൻ പഞ്ചായത്തിലെ ഓരോ വാർഡുകളിലും ഒന്ന് മുതൽ മൂന്ന് വരെ കുടുംബശ്രീകളെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ അധ്യക്ഷത വഹിക്കും. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലി, മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് പി എം അഹമ്മദ്
എന്നിവർ മുഖ്യാതിഥികളാകും. കൊടുങ്ങല്ലൂർ അസി. രജിസ്ട്രാർ ഖദീജ പുതിയവീട്ടിൽ പദ്ധതി വിശദീകരണവും കയ്പമംഗലം പഞ്ചായത്ത് പ്രസിഡന്റ് ടി വി സുരേഷ് ബാബു വായ്പാ വിതരണവും നടത്തും.

കൈപ്പമംഗലം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ദേവാനന്ദൻ, കുടുംബശ്രീ ചെയർപേഴ്സൺ മിനി അരയങ്ങാട്ടിൽ, വിവിധ ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ പങ്കെടുക്കും.

# എസ് എൻ പുരം, ഇനി ജല സാക്ഷരതാ പഞ്ചായത്ത്

തുടർച്ചയായ നാലാം വർഷവും ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്തിൽ ജല സാക്ഷരത നടപ്പാക്കുന്നു. പത്താം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പരിശീലനം പോങ്കോവ് പഞ്ചായത്ത് കുളത്തിലാണ് നൽകുന്നത്. തൃശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ നൽകുന്ന സർട്ടിഫിക്കറ്റ് പ്ലസ് വൺ തത്തുല്യ പ്രവേശനത്തിന് സംസ്ഥാന സർക്കാർ വെയിറ്റേജ് മാർക്കായി നൽകും. നീന്തൽ പരിശീലനം ജില്ലാതല പരിശീലകൻ മഷിക്കുളം സ്വദേശി കെ എസ് ഹരിലാലിന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. പഞ്ചായത്ത് പ്രസിഡന്റ് ഇ കെ മല്ലിക ഉൽഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് എം എസ് മോഹനൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ എസ് രാമദാസ്,

ആരോഗ്യ വിദ്യഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ ജയസുനിൽ രാജ്, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ കെ രഘുനാഥ്, പി എസ് ലളിത ഉണ്ണികൃഷ്ണൻ, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ മുരളി, അധ്യാപകരായ റഷീദ്, ഷീന, സി ഡി എസ് അംഗം ബിജിത എന്നിവർ പങ്കെടുത്തു.

## പരാതിയ്ക്ക് പരിഹാരം; കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ പുതിയ സർജൻ

കൊടുങ്ങല്ലൂർ നഗരസഭയിലെ താലൂക്ക് ഗവ.ആശുപത്രിയിൽ കഴിഞ്ഞ കുറച്ചു നാളുകളായി ഒഴിഞ്ഞുകിടന്നിരുന്ന സർജൻ തസ്തികയിലേക്ക് ജൂനിയർ കൺസൾട്ടന്റിനെ നിയമിച്ച് ഉത്തരവായതായി നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ അറിയിച്ചു. നേരത്തെ ജോലി ചെയ്തിരുന്ന ഡോക്ടർ പ്രൊമോഷൻ ലഭിച്ച് പോയതിന് ശേഷം ഈ തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു. അതിനാൽ ആശുപത്രിയിൽ കുറെ നാളുകളായി ശസ്ത്രക്രിയ നടത്തുവാൻ കഴിഞ്ഞിരുന്നില്ല. ശസ്ത്രക്രിയ അത്യാവശ്യമുള്ളവർ ഇരിഞ്ഞാലക്കുട ജില്ലാ ആശുപത്രിയിലേക്കും സ്വകാര്യ ആശുപത്രിയിലേക്കും പോകുകയായിരുന്നു. ഇത് വ്യാപകമായ പരാതിയ്ക്ക് ഇട നൽകിയിരുന്നു. തുടർന്ന് നഗരസഭ ഇടപെട്ട് അടിയന്തര നടപടി സ്വീകരിച്ചതിന്റെ ഫലമാണ് പുതിയ നിയമനം. നിയമിക്കപ്പെട്ട ഡോക്ടർ അടുത്ത ആഴ്ച ജോലിയിൽ പ്രവേശിക്കും.

## വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം ഇന്നുമുതൽ

വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് കേരളോത്സവം രണ്ട് ദിവസങ്ങളിലായി നടക്കും. നടവരമ്പ് ഹൈസ്കൂൾ, ഐക്കരകുന്ന് എ എൽ പി സ്കൂൾ, കോലോത്തുംപടി ഇൻഡോർ സ്റ്റേഡിയം എന്നിങ്ങനെ മൂന്നു വേദികളിലായാണ് കേരളോത്സവം സംഘടിപ്പിച്ചിരിക്കുന്നത്. ഇന്ന് രാവിലെ ഒമ്പതിന് നടവരമ്പ് ഹൈസ്കൂൾ ഗ്രൗണ്ടിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ കെ ഉദയപ്രകാശ് ഉദ്ഘാടനം ചെയ്യും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എസ് രാധാകൃഷ്ണൻ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് അംഗം കാതറിൻ പോൾ മുഖ്യാതിഥിയാവും. നാളെ വൈകിട്ട് അഞ്ചിന് നടക്കുന്ന സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് അംഗം ടി ജി ശങ്കരനാരായണൻ ഉദ്ഘാടനം ചെയ്യും. 16 ന് രാവിലെ 8.30ന് ഫുട്ബോൾ മത്സരം( നടവരമ്പ് ഹൈസ് കൂൾ ഗ്രൗണ്ട്), 9.30ന് ഷട്ടിൽ ( കോലോത്തുംപടി ഇൻഡോർ സ്റ്റേഡിയം) എന്നിവ നടക്കും. രാവിലെ 11 മുതൽ സ്പോർട്സ് മത്സരങ്ങൾ ആരംഭിക്കും. ഉച്ചയ്ക്ക് രണ്ടുമണിക്ക് ക്വിസ് മത്സരം, രചനാ മത്സരം എന്നിവ നടക്കും. വൈകിട്ട് നാലിന് നടവരമ്പ് ഹൈസ്കൂൾ ഗ്രൗണ്ടിൽ ഫുട്ബോൾ ഫൈനൽ മത്സരങ്ങളും നടക്കും.

17ന് രാവിലെ വോളിബോൾ മത്സരം (ഐക്കരകുന്ന് എ എൽ പി സ്കൂൾ-8 മണി), നീന്തൽ മത്സരം( അവിട്ടത്തൂർ ഓങ്ങിചിറ-8.30), ക്രിക്കറ്റ് മത്സരം (നടവരമ്പ് ഹൈസ്കൂൾ ഗ്രൗണ്ട്-8.30), കലാമത്സരങ്ങൾ-8.30, വ്യക്തിഗത മത്സരങ്ങൾ( നടവരമ്പ് ഹൈസ്കൂൾ ബി ആർ സി ഹാൾ-9), ചെസ്സ് മത്സരം(( നടവരമ്പ് ഹൈസ്കൂൾ-10.30), ഗ്രൂപ്പിന വ്യക്തിഗത മത്സരങ്ങൾ( നടവരമ്പ് ഹൈസ്കൂൾ ജൂബിലി ഹാൾ-1.30), കബഡി
(നടവരമ്പ് ഹൈസ്കൂൾ ഗ്രൗണ്ട്-2), വടംവലി( പട്ടേപ്പാടം എസ് എൻ ഡി പി പരിസരം-3.30), ക്രിക്കറ്റ് മത്സരം ഫൈനൽ( നടവരമ്പ് ഹൈസ്കൂൾ ഗ്രൗണ്ട്-3.30)എന്നിവയും വൈകീട്ട് 5 ന് സമാപന സമ്മേളനവും നടക്കും.

**തുടരും**